## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 2518 — 09.12.2014-ൽ മറുപടിയ്ക്ക്

### പട്ടികവർഗ്ഗക്കാരുടെ വായ്പ കുടിശ്ശിക

**ചോദ്യം**
**ശ്രീ.ജെയിംസ് മാത്യു**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരിൽ നിന്നും വായ്പ കുടിശ്ശിക എഴുതി തള്ളുന്നതിന് ലഭിച്ച മൊത്തം അപേക്ഷകൾ എത്ര; | എ) | 5678 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| ബി) | വായ്പ കുടിശ്ശിക എഴുതി തള്ളൽ പദ്ധതി പ്രകാരം അർഹതപ്പെട്ടവരിൽ നിന്നും അപേക്ഷ ക്ഷണിച്ചത് എപ്പോഴായിരുന്നു; | ബി) | വായ്പ കുടിശ്ശിക എഴുതി തള്ളൽ പദ്ധതി പ്രകാരം അർഹതപ്പെട്ടവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നതിനായി 22.08.2014-ൽ പത്ര വിജ്ഞാപനവും, 10.09.2014-ൽ തുടർ പത്രക്കുറിപ്പും ഇറക്കിയിരുന്നു. |
| സി) | ലഭിച്ച അപേക്ഷകരുടെ ഹർജി പരിഗണിക്കാൻ എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു; എത്ര അപേക്ഷകരുടെ ഹർജികൾ പരിഗണിച്ച് കുടിശ്ശിക എഴുതി തള്ളിയിട്ടുണ്ട്; ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര; | സി) | അപേക്ഷകളുടെ വിവരങ്ങൾ ക്രോഡീകരിച്ചു വരികയാണ്. ആയത് പൂർണ്ണമായാൽ മാത്രമേ തുക കണക്കാക്കാൻ കഴിയുകയുള്ളൂ. ഇതുവരെ ഈ പദ്ധതി പ്രകാരം ആരുടെയും വായ്പാ കുടിശ്ശിക എഴുതിതള്ളിയിട്ടില്ല. ബഡ്ജറ്റിൽ ഇതിനായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| ഡി) | തുക എഴുതി തള്ളിയ ഇനത്തിൽ സഹകരണ സ്ഥാപനങ്ങൾക്കും, കോർപ്പറേഷനും, ബാങ്കുകൾക്കും സർക്കാർ കൊടുത്തു തീർത്ത തുക എത്ര; അവശേഷിക്കുന്നവ എത്ര? | ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ